## 748

1 യേശുവാരിലുമുന്നതനാമെന്നാത്മ സഖാവവനെ
താായ് മറക്കാമെങ്കിലുമെന്നെ മറക്കാ സ്നേഹിതനേ
ഏവരുമെന്നെ കൈവെടിഞ്ഞിടുകിൽ യേശു താനെന്നരികിൽ കാണും
ഏതുഖേദവും തീരും ഞാൻ തിരുമാറിൽ ചാരിടുമ്പോൾ-

2 എന്നെത്തേടി വിൺനഗരം വിട്ടു മന്നിൽ വന്നവനാം
എന്റെ പാപശാപമകറ്റാൻ ജീവൻ തന്നവനാം
എന്തിനും ഹാ! തൻതിരു സ്നേഹ പാശബന്ധമഴിക്കുവാൻ കഴിയാ
എന്നുമെന്നും ഞാനിനിയവനിലും അവനിനിയെന്നിലുമാം-

3 മാനസമേ! ചാരുക ദിനവും ഈ ദിവ്യ സ്നേഹിതനിൽ
ധ്യാനം ചെയ്യുക തൻതിരു സ്നേഹ മധുരിമ സന്തതവും
ഏതു ഖേദം വരികിലും പതറായേശുതാൻ നിന്നാശ്രയമതിനാൽ
അന്ത്യത്തോളം പൊരുതുക കുരിശിന്നുത്തമനാം ഭടനായ്-

**M.E.C.**